(ബി) എങ്കിൽ ഇവ തടയുന്നതിനും കുറ്റക്കാരെ പിടികൂടുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കൊച്ചിയിലും പരിസര പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും വിദേശിയടക്കം കൊള്ളയടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന അധോലോക സംഘങ്ങളേയും ഗുണ്ടകളേയും അമർച്ച ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ പൊതുവായി സംഘടിത ആക്രമണങ്ങളും കൊലപാതകവും പിടിച്ചുപറിയും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല ; എന്നാൽ കൊച്ചി നഗരത്തിൽ ഇത്തരം സംഭവങ്ങളിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട് ;

(ബി) സംഘടിതവും അല്ലാതെയുമുള്ള അക്രമപ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ്, നല്ലനടപ്പ് (ബി.ആർ.പി.സി.107, 110) തുടങ്ങി നിയമാനുസൃതമായ പ്രതിരോധ നടപടികൾ കൈക്കൊണ്ടും കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ തടയാനും ആവർത്തിക്കാതിരിക്കാനും പോലീസ് പട്രോളിംഗ് ശക്തമാക്കിയും ഐക്യ പോലീസിന്റെ സേവനം ഉപയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇല്ല. എന്നാൽ ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും വിവരങ്ങൾ നൽകുന്നതിനും സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റേയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റേയും വിഭാഗങ്ങൾ സദാ ജാഗ്രത പുലർത്തിവരുന്നുണ്ട്. കൂടാതെ എസ്.ഐ.-മാരുടെ കീഴിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരക്കാരെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) കൊച്ചിയിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സംഘടിത അക്രമ പ്രവർത്തനങ്ങളും സ്ഥിരം കുറ്റവാളികളുടെ കുറ്റകൃത്യങ്ങളും തടയുന്നതിന് ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്ന ജില്ലകളിൽ ക്രൈം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

പുരാതന ചികിത്സാ രീതികളെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണം

8 (*305) ശ്രീ. എൻ. ശക്തൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതീയ ചികിത്സാ രീതിയിലെ ഔഷധ നിർമ്മാണം, വിപണനം, ഗുണനിലവാര നിയന്ത്രണം എന്നിവയ്ക്കായി നിയമം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കേരളത്തിൽ ഇപ്പോൾ പ്രാബല്യത്തിലുള്ള നിയമ പരിഷ്ക്കരണത്തിൽ പുരാതന ചികിത്സാരീതികളെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ ആലോചനയുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) നിലവിലുണ്ട്.

(ബി) വിശദാംശം ഡ്രഗ്സ് ആന്റ് കോസ്മറ്റിക് ആക്ടിലെ 4 എ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിന്റെ പകർപ്പ്* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആലോചനയുണ്ട്.

(ഡി) അംഗീകൃത യോഗ്യതയില്ലാത്ത പാരമ്പര്യ വൈദ്യൻമാർക്ക് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെടാൻ കേന്ദ്രനിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഈ പാരമ്പര്യ വൈദ്യൻമാർ അനവധി കാലമായി പ്രാക്ടീസ് ചെയ്യുന്നവരാണെന്നും അവർ ഗുരുകുല സമ്പ്രദായത്തിലൂടെ ആർജിച്ച വിജ്ഞാനം സമൂഹത്തിന് ലഭിക്കണമെന്നുള്ള ഉദ്ദേശം മുൻനിർത്തിയും പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് മെഡിക്കൽ പ്രാക്ടീഷനേഴ്സ് നിയമം ഭേദഗതി ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം

9 (*306) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉദ്യോഗ നിയമനങ്ങളിൽ സംവരണം നൽകുവാനായി കേന്ദ്രഗവൺമെന്റിൽ നീക്കം നടന്നതായ കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly